"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല – പ്രമാടം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.സി. രാധാകൃഷ്ണൻ നായർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2365/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.05.2014-ലെ ഇ3(എസ്.സി.54/2013/പിടിഎ) 37012/2013നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 17.10.2014-ലെ 51754/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ സമർപ്പിച്ച പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 30.04.2016-ലെ ഡി6-41817/14നമ്പർ കത്ത്

5 സർക്കാരിന്റെ 07.05.2020-ലെ ഇപിബി2/51/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ സമർപ്പിച്ച 28.07.2020-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് വീട് വിതരണം ചെയ്തതിൽ അഴിമതി ആരോപിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. IAY പദ്ധതിയിൽ വീട് അനുവദിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. വിനീത സുരേഷിന്റെ പേര് 7-ാം മതായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ലിസ്റ്റിലുൾപ്പെട്ട മറ്റ് ആറു പേർക്കും പ്രമാടം പഞ്ചായത്തിൽ സ്വന്തമായി വീടുള്ളവരായിരുന്നു. തുടർന്ന് ബഹു. ഓംബുഡ്സ്മാന്റെ 06.11.2013-ലെ ഒ.പി.1631/2013 നമ്പർ ഉത്തരവിൽ മേൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കുന്നതിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്തൃ ലിസ്റ്റിൽ 2-ാമതായി വീട് ലഭിക്കുന്നതിന് ശ്രീമതി. വിനീത സന്തോഷ് അർഹയാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ ഒരു നടപടിയും കൈക്കൊണ്ടില്ലായെന്നു കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത ക്രമക്കേടിന് ശ്രീ. എം.സി. രാധാകൃഷ്ണൻ നായർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 01.02.2014-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10-ാം നമ്പർ തീരുമാനപ്രകാരം ശ്രീമതി. വിനീത സന്തോഷിനെ ഗുണഭോക്തൃ പട്ടികയിൽ 2-ാം സ്ഥാനത്തു ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ എഗ്രിമെന്റ് വച്ച് ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും 20.09.2014-ൽ വീടിന് നമ്പർ നൽകിയിട്ടുണ്ടെന്നും മേൽ വസ്തുതകൾ പരിഗണിച്ച് കുറ്റാരോപണങ്ങളിൽ നിന്നും വിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം

(4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രമാടം ഗ്രാമപഞ്ചായത്തിന്റെ IX-ാം വാർഡിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ഗ്രാമസഭ അംഗീകരിച്ച് തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിൽ 7-ാം നമ്പരായി ശ്രീമതി. വിനീത സന്തോഷ് എന്നയാളെ ഉൾപ്പെടുത്തിയിരുന്നുവെന്നും എന്നാൽ ഗുണഭോക്തൃപട്ടികയിൽ അനർഹർ ഉൽപ്പെട്ടതിനെതിരെ ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ 06.11.2013-ൽ ശ്രീ. സന്തോഷ് എന്നവർ സമർപ്പിച്ച പരാതിയിന്മേലുള്ള തീർപ്പിന്മേൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടി ലിസ്റ്റ് വിശദമായി പരിശോധിക്കുകയും ശ്രീമതി. വിനീത സന്തോഷിനെ 2-ാം സ്ഥാനത്ത് മാറ്റി ക്രമപ്പെടുത്തി ലിസ്റ്റ് പുന:ക്രമീകരിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നുവെന്നും അതിനനുസരിച്ച് 01.2.2014-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി ശ്രീമതി. വിനീത സന്തോഷിനെ 2-ാം സ്ഥാനത്ത് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതാണെന്നും ടി തീരുമാന പ്രകാരം ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമസേവകന്റെ മുമ്പാകെ എഗ്രിമെന്റ് വച്ച് ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 20.09.2014-ൽ ടി വീടിന് IX/337 എ എന്ന നമ്പർ നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഈ വിഷയം പരിശോധിച്ചതിൽ നിന്നും ശ്രീ. സന്തോഷ്, ബഹു. ഓംബുഡ്സ്മാനിൽ നിന്നും അനുകൂല വിധി സമ്പാദിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രമാടം ഗ്രാമപഞ്ചായത്തിലെ വീട് നിർമ്മാണത്തിന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പുനഃപരിശോധിക്കാൻ ഇടയായതും അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കാനിടയായതും. ആയതിനാൽത്തന്നെ കുറ്റാരോപിതന്റെ വാദം നിലനിൽക്കുന്നതല്ലായെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ 30.08.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ പരാമർശം (6) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.സി. രാധാകൃഷ്ണൻ നായരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവു വരുത്താൻ താല്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.സി. രാധാകൃഷ്ണൻ നായർക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1) മുതൽ (6) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ, മുൻ സെക്രട്ടറി, പ്രമാടം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/51/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.23 17:36:03 IST
Reason: Approved

സെക്ഷൻ ഓഫീസർ